**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 276** — **21-12-2012 - ലെ മറുപടിയ്ക്ക്**

# നാളികേര ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിനായി പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പാലോട് രവി<br>,, കെ. ശിവദാസൻ നായർ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, ജോസഫ് വാഴക്കൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) നാളികേര ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്; വിശദമാക്കുമോ ; | (എ) | കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ നാളികേര വികസന ബോർഡ് നാളികേര സംസ്ക്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾ വികസിപ്പിക്കുന്നതിനും ആധുനീകരണത്തിനും, കരിക്കിൻവെള്ള സംസ്ക്കരണം, ഉരുക്കു വെളിച്ചെണ്ണ, ഡെസിക്കേറ്റഡ് കോക്കനട്ട്, ഷെൽ പൗഡർ, ചിരട്ടക്കരി, ആക്ടിവേറ്റഡ് കാർബൺ തുടങ്ങിയ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിയ്ക്കുന്നതിന് ടെക്നോളജി മിഷൻ എന്ന പദ്ധതി പ്രകാരം 25% സബ്സിഡി പരമാവധി 50 ലക്ഷം രൂപ എന്ന കണക്കിൽ നൽകുന്നുണ്ട്. ഇതിനു പുറമെ നാളികേര വികസന ബോർഡു വഴി നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയ്ക്ക് സംസ്ഥാന കൃഷി വകുപ്പിൽ നിന്നും 25% സബ്സിഡി പരമാവധി 25 ലക്ഷം രൂപ എന്ന് നിജപ്പെടുത്തി നൽകുന്ന ഒരു പദ്ധതി ഈ വർഷം നടപ്പിലാക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം (SFAC) മുഖാന്തിരം നടപ്പിലാക്കുന്നതിനായി 2012-13 ൽ രണ്ടു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമെ നാളികേര ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധനവും ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാനത്ത് 3 കോക്കനട്ട് ബയോപാർക്കുകൾ |

സ്ഥാപിക്കുന്നതിനായി കാർഷിക സർവ്വകലാശാല സമർപ്പിച്ച നിർദ്ദേശങ്ങൾ സ.ഉ.(എം.എസ്) നം. 187/2012/കൃഷി, തീയതി 28-07-2012 (കൃഷി ഫാംസ്) പ്രകാരം തത്വത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) കരിക്കിന്റെ പ്രചാരണത്തിനായി പാർലർ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) നാളികേരത്തിന്റെ വൈവിദ്ധ്യവൽക്കരണവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17-10-12 ൽ ചേർന്ന യോഗത്തിൽ സംസ്ഥാനമൊട്ടാകെ തുടങ്ങുവാനുദ്ദേശിക്കുന്ന 1000 ഇളനീർ പാർലറുകളിൽ 100 എണ്ണം ഉടൻ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇവ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ?

(സി) നാളികേര വികസന ബോർഡു വഴി നടപ്പിലാക്കുന്ന ടെക്നോളജി മിഷൻ എന്ന പദ്ധതിയ്ക്ക് കൃഷി വകുപ്പിൽ നിന്നും 25% സബ്സിഡി നൽകുന്ന പദ്ധതി, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. കോക്കനട്ട് ബയോപാർക്കു സ്ഥാപിക്കുന്ന പദ്ധതി കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ കോക്കനട്ട് ഡെവലപ്പ്മെന്റ് ബോർഡ്, KSIDC, KINFRA, ഫാർമേഴ്സ് കോപ്പറേറ്റീവ്സ്, സംസ്ഥാന കൃഷി വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**